## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 206 23.01.2018 ൽ മറുപടിയ്ക്ക്

### പുതിയ ജയിലുകൾ

| ചോദ്യം<br>ശ്രീ. എം. സ്വരാജ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലധികം തടവുകാരെ നിലവിൽ പാർപ്പിച്ചിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തെ ജയിലുകളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലധികം തടവുകാരെ നിലവിൽ പാർപ്പിച്ചിട്ടുണ്ട്. ആകെയുള്ള 53 ജയിലുകളിലായി 6152 പേരെ പാർപ്പിക്കുന്നതിനുള്ള ശേഷിയാണ് നിലവിലുള്ളത്. എന്നാൽ 17.01.2018 ലെ ലോക്ക്അപ് റിപ്പോർട്ട് പ്രകാരം ആകെ തടവുകാരുടെ എണ്ണം 7596 ആണ്. |
| (ബി) | ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കാമോ ; | (ബി) | ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് :-<br>(i) 2016-17 ലെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 5 ജയിലുകളിലെ (ജില്ലാ ജയിൽ വിയ്യൂർ, ജില്ലാ ജയിൽ എറണാകുളം, സ്പെഷ്യൽ സബ് ജയിൽ മൂവാറ്റുപുഴ, സ്പെഷ്യൽ സബ് ജയിൽ കണ്ണൂർ, സബ് ജയിൽ ചാവക്കാട്) അടുക്കള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന - തിനായി 53.80 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിലും 7 |

| | | | |
|---|---|---|---|
| | | | ജയിലുകളിലെ (കൊല്ലം ജില്ലാ ജയിൽ, കോഴിക്കോട് സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ വനിതാ ജയിൽ, പൊന്നാനി സബ് ജയിൽ, തിരൂർ സബ് ജയിൽ, പെരിന്തൽമണ്ണ സബ് ജയിൽ, വടകര സബ് ജയിൽ) അടുക്കള നവീകരണ പ്രവൃത്തികൾക്കായി 93 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>(ii) 2017-18 ലെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചീമേനി തുറന്ന ജയിലിൽ തടവുകാർക്കായി പുതിയ ബാരക്ക് നിർമ്മിക്കുന്നതിന് 308 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ കാസർഗോഡ് സ്പെഷ്യൽ സബ് ജയിലിൽ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 63 ലക്ഷം രൂപയും കോഴിക്കോട് സ്പെഷ്യൽ സബ് ജയിലിൽ പുതിയ സെല്ലുകൾ നിർമ്മിക്കുന്നതിനായി 24.99 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>(iii) 2016-17 ലെ തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളിൽ 53.57 ലക്ഷം രൂപ വിനിയോഗിച്ച് RO / UV പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് പുതിയ ജയിലുകൾ സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ? | (സി) | പെരിയ, ഇടുക്കി (തുറന്ന ജയിൽ), നാദാപുരം, താമരശ്ശേരി, സുൽത്താൻബത്തേരി, മണ്ണാർക്കാട്, എരുമപ്പെട്ടി, അടൂർ, കോന്നി, കരുനാഗപ്പള്ളി, നെടുമങ്ങാട് എന്നീ സ്ഥലങ്ങളിൽ പുതുതായി ജയിലുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരികയാണ്. തളിപ്പറമ്പ്, കൂത്ത്പറമ്പ് എന്നീ സ്ഥലങ്ങളിൽ പുതിയ സബ് ജയിലുകൾ സ്ഥാപിക്കുന്നതിന് ജയിൽ വകുപ്പിന് സ്ഥലം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ